മാധ്യമം
14 January 2026

# ലക്ഷദ്വീപിൽ ഫിഷറീസ് ഹബ് വേണമെന്ന് നിർദേശം

» **കവരത്തിയിൽ ത്രിദിന മത്സ്യമേള സമാപിച്ചു**

**കൊച്ചി:** ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ വികസനത്തിന് എല്ലാ ദ്വീപുകളെയും ബന്ധിപ്പിക്കുന്ന വിധത്തിൽ സംയോജിത ഫിഷറീസ് ഹബ് സ്ഥാപിക്കണമെന്ന് നിർദേശം. മത്സ്യ വിപണനം സുഗമമാക്കാനും മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണി വിപുലീകരിക്കാനുമുള്ള ഏകജാലക സംവിധാനം യാഥാർഥ്യമാക്കാൻ ഈ നീക്കം അനിവാര്യമാണെന്ന് കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമം അഭിപ്രായപ്പെട്ടു. സി.എം.എഫ്.ആർ.ഐക്ക് കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദ്വീപ് ഫിഷറീസ് വകുപ്പുമായി ചേർന്നാണ് മത്സ്യമേള സംഘടിപ്പിച്ചത്.

ശാസ്ത്രീയമായ വിപണനം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, മൂല്യവർധിത യൂനിറ്റുകൾ, കയറ്റുമതി സൗകര്യങ്ങൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഫിഷറീസ് ഹബ് വഴി സാധിക്കും. ഇത് ലക്ഷദ്വീപിലെ ട്യൂണ (ചൂര) മത്സ്യബന്ധന മേഖലക്ക് കരുത്താകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.

ഫിഷറീസ്-സമുദ്രകൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂര-കടൽപായൽ വിപണിശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു. ലക്ഷദ്വീപ് ചൂര (ട്യൂണ), കടൽപായൽ എന്നിവയുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണിയും സ്റ്റാർട്ടപ്, സംരംഭകത്വ സംരംഭങ്ങളും ശക്തിപ്പെടുത്തുമെന്നും സെക്രട്ടറി അറിയിച്ചു. സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കെ.വി.കെ മേധാവി ഡോ. പി.എൻ. ആനന്ദ് എന്നിവർ സംസാരിച്ചു.